കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ** വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഗ്രാമ പഞ്ചായത്തുകൾ **ക്ലർക്കിൻെറ** സേവനം വിട്ടുനൽകുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ **പുറപ്പെടുവിച്ച്** - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.( സാധാ) നം. 3225/2009/തസ്വഭവ. തിരുവനന്തപുരം, തീയതി, 05.12.2009.

---

പരാമർശം:- 1) 18.03.2009 ലെ സഉ(സാ) നമ്പർ 676/09/ തസ്വഭവ.
2) 25.04.2009 ലെ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ E4/2570/ 06/CE/LSGD നമ്പർ കത്ത്.
3) 14.10.2009 ലെ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 2.6 നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായ ക്ലർക്കുമാരുടെ സേവനം ലഭ്യമാക്കണമെന്ന സർക്കാരിൻെറ നിരന്തരമായ നിർദ്ദേശമുണ്ടായിട്ടും മിക്ക പഞ്ചായത്തുകളും ക്ലറിക്കൽ ജീവനക്കാരുടെ സേവനം എഞ്ചിനയറിംഗ് വിഭാഗത്തിന് ലഭ്യമാക്കുന്നില്ലായെന്ന് പരാമർശം മൂന്നിലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം മൂന്നിലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ ഗ്രാമ പഞ്ചായത്തും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് സേവനം നൽകേണ്ട ക്ലർക്കുമാരെ നിശ്ചയിച്ച് ടി ആളുകളുടെ പേരുകൾ സഹിതം പഞ്ചായത്ത് ഡയറക്ടർ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ രീതിയിൽ ചുമതല നൽകുന്ന ഉദ്യോഗസ്ഥന് സ്ഥലംമാറ്റം ഉണ്ടാകുകയോ ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്യുന്ന അവസരത്തിൽ പകരം നിയമിതനാകുന്ന ഉദ്യോഗസ്ഥനായിരിക്കണം തുടർ ചുമതല വഹിക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ.എസ്.സതീഷ് ചന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
ചീഫ്എഞ്ചിനീയർ. തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.